# മുതലക്കുളം ധോബികാനയും കുറെ ജീവിതങ്ങളും

മുതലക്കുളം കുടിയൊഴിപ്പിക്കൽ സംഭവം നടന്നിട്ട്, ഇരുപത്തിനാലു വർഷം കഴിഞ്ഞു. അമിതാഭ് കാന്ത് കോഴിക്കോട്ട് ജില്ലാ കളക്ടർ ആയിരുന്ന കാലത്താണ് അതു നടന്നത്. അന്നൊരു ഒഴിവുദിവസമായിരുന്നു. തുടർന്നുള്ള ദിവസങ്ങളും സർക്കാർ ഒഴിവ്. അന്നേദിവസം അതിരാവിലെ, ഏതാനും ജെ. സി. ബി. കൾ വന്ന് മുതലക്കുളം മൈതാനിയുടെ തെക്കുവശത്ത് ബ്രിട്ടീഷുകാരുടെ കാലം മുതൽ കുടിപാർപ്പുകാരായി കഴിയുന്നവരുടെ പതിമൂന്നോളം വീടുകൾ തട്ടിനിരത്തി. താമസക്കാർക്ക് പ്രതികരിക്കാനോ, പ്രതിഷേധിക്കാനോ നീതിപീഠങ്ങളെ അഭയം പ്രാപിക്കാനോ അവസരം നൽകാത്തവിധം അധികൃതർ പ്ലാൻ ചെയ്തു നടപ്പാക്കിയ ഒരു കുടിയൊഴിപ്പിക്കൽ! വീട്ടുകാർ പ്രാണനും കൊണ്ട് ഓടി. വീട്ടുസാമാനങ്ങൾ, പല സ്ഥലത്തായി തട്ടിക്കൂട്ടിയിട്ടത് വാരിയെടുത്ത് മാറിനിന്നു.

ഏതാനും ദിവസം കൊണ്ട് ടൌണിൽ, മറ്റൊരിടത്തും കാണാത്തവിധം അവിടെ റോഡുകൾ വീതി കൂട്ടി. കുടിയൊഴിപ്പിക്കപ്പെട്ടവർക്ക്, ടൌണിൽ ഫ്ലാറ്റു നിർമ്മിച്ചു കൊടുക്കുമെന്ന്, കോർപ്പറേഷൻ അധികൃതർ  വാഗ്ദാനം ചെയ്തിരുന്നു. പക്ഷെ, കാൽ നൂറ്റാണ്ടായിട്ടും, നാം തെരഞ്ഞെടുത്ത് അധികാരത്തിലേറ്റിയവർ  വാഗ്ദാനം പാലിച്ചില്ല. പാവങ്ങളും, അസംഘടിതരുമായതിനാൽ പ്രതികരിക്കാൻ കഴിയാതെ, നഗരത്തിലെ  വൃത്തികെട്ട ചതുപ്പുനിലങ്ങളിൽ തട്ടിക്കൂട്ടിയ തകരഷെഡ്ഡുകളിലേക്ക് അവരെ മാറ്റി. കുറെ കുടുംബങ്ങൾ കല്ലുത്താൻ കടവിലും, കുറേപേർ വെസ്റ്റ് ഹില്ലിലും. വെള്ളമില്ല, വെളിച്ചമില്ല. പ്രാഥമികാവശ്യങ്ങൾ നിറവേറ്റാൻ കക്കൂസോ കുളിമുറിയോ ഇല്ല. അച്ഛനും, അമ്മയും മകനും ഭാര്യയും കുട്ടികളും എല്ലാം ഒറ്റമുറിയിൽ. ചുറ്റിലും കൊതുകു നിറഞ്ഞ മലിനജലം കെട്ടി നിൽക്കുന്നു. ദുരിതപൂർണ്ണമായ ദിനങ്ങൾ തള്ളിനീക്കുകയാണവർ. ഫ്ലാറ്റു കിട്ടുമെന്ന പ്രതീക്ഷയോടെ.

ഫ്ലാറ്റു നിർമ്മാണം നടക്കാത്തത്, ചില സാങ്കേതികതടസ്സങ്ങൾ മൂലമാണത്രെ. ഈ സാങ്കേതിക തടസ്സങ്ങൾ ഒരിക്കലും പരിഹരിക്കാൻ കഴിയാത്തതാണോ? ജനസേവകരായ കൌൺസിലർമാരും എം. എൽ. എ. മാരും മന്ത്രിമാരും സർക്കാർ വകുപ്പുകളും മനസ്സുവച്ചാൽ തീർക്കാൻ കഴിയാത്തതാണോ ഈ സാങ്കേതികം? റോഡിനു വീതി കൂട്ടി, പരിഷ്കാരങ്ങൾ വരുത്തുന്നതു നല്ലതു തന്നെ; പക്ഷേ, അതിനുവേണ്ടി  പാവങ്ങളുടെ വീടുകൾ തട്ടിനിരത്തുമ്പോൾ അവരുടെ പുനരധിവാസം കൂടി ഉറപ്പു വരുത്തേണ്ടതല്ലേ?

കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങളും മുതലക്കുളവും തമ്മിൽ ഏറെക്കാലത്തെ ബന്ധമുണ്ട്. പല സായാഹ്നങ്ങളിലും രാഷ്ട്രീയസാംസ്കാരിക വേദികൾ ഒരുക്കുന്ന കോഴിക്കോട്ട് മുതലക്കുളം മൈതാനം മുൻപ് സാമൂതിരി രാജാവിന്റെ കോട്ടയും കിടങ്ങും സ്ഥിതി ചെയ്തിരുന്ന സ്ഥലമായിരുന്നു. പിന്നീട് അവിടെ കുളവും മൈതാനവും നിലവിൽവന്നു. വറ്റാത്ത ജലസ്രോതസ്സിന്റെ സാന്നിധ്യമുണ്ടായിരുന്ന അവിടം ബ്രിട്ടീഷുകാരുടെ കാലത്ത് ധോബികൾക്ക് അലക്കുതൊഴിൽ ചെയ്യുന്നതിനും താമസിക്കുന്നതിനും അനുവദിക്കപ്പെട്ടു. "ധോബി കാന" എന്ന പേരിലാണ് ആ സ്ഥലം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. ധോബികൾ, പട്ടണത്തിലെ ആസ്പത്രികളിൽ നിന്നും ലോഡ്ജുകളിൽ നിന്നും മറ്റും വിഴുപ്പുവസ്ത്രങ്ങൾ ശേഖരിച്ച്,, ആ കാനയിലെ വെള്ളത്തിൽ അലക്കുകയും തൊട്ടടുത്ത മൈതാനത്ത് ഉണക്കുകയും ചെയ്തു പോന്നു. അവരുടെ ഒരു കുടുംബക്ഷേത്രവും അടുത്തുണ്ട്. ഇന്ന് കാണുന്ന മൈതാനമായി ആ സ്ഥലം നികത്തിയെടുത്തതിൽ ധോബി കുടുംബങ്ങളുടെയും കൂടി വിയർപ്പ് ഒഴുകിയിട്ടുണ്ട്. സ്ഥലം മൈതാനമായി മാറിയതോടെ, കുളം കിണറുകളിലേക്ക് ചുരുങ്ങി. ധോബികാനയുടെ വടക്കുഭാഗത്താണ് കിണറുകൾ സ്ഥിതി ചെയ്യുന്നത്. ഈ കിണറുകളിൽ നിന്ന് വെള്ളമെടുത്താണ് ഇന്ന് അലക്കുജോലി നിർവഹിക്കുന്നത്. വസ്ത്രങ്ങൾ ഉണക്കിയെടുക്കുന്നതിന്ന് ഈ മൈതാനം മാത്രമാണ് ടൌണിൽ ആശ്രയം.

മൈതാനത്തിന്റെ വടക്കുകിഴക്കുഭാഗത്തായി രണ്ട് സ്റ്റേജുകളും പടിഞ്ഞാറു ഭാഗത്ത് ടെലിഫോൺ എക്സ്ചേഞ്ചും നിർമ്മിക്കപ്പെട്ടതോടെ മൈതാനത്തിന്റെ വിസ്തൃതി കുറഞ്ഞു. വ്യാപാരമേളകളുടെയും മറ്റും ഭാഗമായി പലപ്പോഴും മൈതാനത്തിന്റെ തെക്കുഭാഗത്ത് ഷെഡ്ഡുകൾ ഉയർന്നുവരും. ഓണം, ബക്രീദ് കാലങ്ങളിൽ ഇവിടെ സംഘടിപ്പിക്കപ്പെടുന്ന ഭക്ഷ്യമേളകൾ ദിവസങ്ങളോളം നീണ്ടുനിൽക്കും. ഭക്ഷ്യവസ്തുക്കളുടെ അവശിഷ്ടങ്ങൾ ഷെഡ്ഡുകളുടെ പിന്നിൽ മൈതാനത്ത് നിക്ഷേപിക്കുമ്പോൾ അവ കാക്കകളും മറ്റും കൊത്തിയെടുത്ത് ഉണക്കാനിട്ട വസ്ത്രങ്ങളും കിണറുകളും മലിനമാക്കുന്നു. ഷെഡ്ഡുകളിൽ നിന്ന് ഒഴുക്കിവിടുന്ന മലിനജലം മൈതാനത്ത് കെട്ടിനിൽക്കുന്നു. അലക്കുതൊഴിലാളികൾക്ക് ഇവ ദ്രോഹമായി മാറുന്നു. ചന്തകളും മേളകളും പുരോഗമിക്കുമ്പോൾ ഷെഡ്ഡുകളുടെ വലിപ്പവും കൂടിക്കൂടി വരുന്നതായിട്ടാണ് കാണുന്നത്. കാലക്രമത്തിൽ മൈതാനംമുഴുവൻ മേളകൾ കയ്യടക്കുമോ എന്ന ആശങ്കയിലാണ് അലക്കുതൊഴിലളികൾ. അവരുടെ ജീവിതം വഴിമുട്ടിക്കുന്ന ഈ ഏർപ്പാടിൽ നിന്ന് കോർപ്പറേഷൻ അധികൃതർ പിന്തിരിയേണ്ടതാണ്. വർഷങ്ങൾക്കു മുൻപ് അവരുടെ വീടുകൾ നഷ്ടപ്പെടുത്തി. ഇന്നിതാ അവരുടെ ഏക തൊഴിലിടത്തിനും ഭീഷണി ഉയർത്തുന്നു. ഈ പാവങ്ങളുടെ കഞ്ഞികുടി മുട്ടിച്ചിട്ടുവേണോ ഇത്തരം മേളകളും ആഘോഷങ്ങളും!

ഏതാനും മാസങ്ങൾക്കു മുൻപ് തങ്ങളുടെ പ്രയാസങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് തൊഴിലാളികൾ കോർപ്പറേഷൻ മേയർക്ക് ഒരു നിവേദനം നൽകിയിരുന്നു. അതിൽ ധോബികാനയിൽ ദീർഘകാലമേളകൾ നടത്തുന്നതിന് ഷെഡ്ഡുകൾ കെട്ടാൻ കോർപ്പറേഷൻ അനുമതി നൽകരുതെന്ന് അപേക്ഷിച്ചിരുന്നു. പക്ഷേ, അധികൃതർ അതു കാര്യമായെടുത്തില്ല. കുടുംബശ്രീക്കാർക്ക് മേള നടത്താൻ അനുമതി നൽകപ്പെട്ടു. അവർ സ്വകാര്യമുതലാളിമാരിൽനിന്ന് പണം പറ്റിക്കൊണ്ട് ഷെഡ്ഡുകെട്ടാനുള്ള അനുമതി മറിച്ചു നൽകി. 2016 ആഗസ്റ്റ് 30 ന് വൈകുന്നേരം, മൈതാനത്ത് ഷെഡ്ഡുകെട്ടാനുള്ള സാധനസാമഗ്രികളുമായി വാഹനമെത്തി. വിവരമറിഞ്ഞു തൊഴിലാളികൾ ആയതു തടഞ്ഞു. സാമൂഹ്യപ്രവർത്തകരും നാട്ടുകാരും ഇടപെട്ടു. ഒരു കുടുംബശ്രീപ്രവർത്തക അലക്കുതൊഴിലാളികളെ ഭീഷണിപ്പെടുത്തുകയും അപമര്യാദയായി പെരുമാറുകയും ചെയ്തു. തൊഴിലാളികൾ പോലീസ് സംരക്ഷണത്തിന്ന് അപേക്ഷിച്ചു. കാര്യം മാധ്യമങ്ങളിൽ വാർത്തയായി. കോർപ്പറേഷൻ ആരോഗ്യകാര്യ ചെയർമാൻ സ്ഥലത്തെത്തി, പിറ്റേന്ന് മേയറുമായി കാര്യങ്ങൾ സംസാരിക്കാൻ തൊഴിലാളികളെ ക്ഷണിച്ചു. മേയർ, തോട്ടത്തിൽ രവീന്ദ്രനുമായി നടന്ന ചർച്ചയിൽ ഒരു തൊഴിലാളി സ്ത്രീ തങ്ങളുടെ പ്രശ്നങ്ങൾ അവതരിപ്പിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ പങ്കെടുത്തുകൊണ്ട്, "അന്വേഷി " ഭാരവാഹി അജിത, ആർ. എം. പി. നേതാക്കൾ, എം. വി. എസ്സ്. എസ്സ്. പ്രസിഡണ്ട് എൻ. അശോകൻ മാസ്റ്റർ, കോഴിക്കോട്ട് ജില്ലാ സെക്രട്ടറി കെ. രമേശൻ, ഏതാനും സാമൂഹ്യപ്രവർത്തകർ എന്നിവർ സംസാരിച്ചു. ഈ വർഷം ഷെഡ്ഡിന്റെ വലിപ്പം കുറയ്ക്കാനും ഭക്ഷ്യമേള ഒഴിവാക്കാനും ഭാവിയിൽ ബദൽ സംവിധാനങ്ങൾ ആരായാനും തീരുമാനമെടുത്തു. ഷെഡ്ഡു കെട്ടുമ്പോൾ മേയർ തന്നെ സ്ഥലത്തുവന്നു കാര്യങ്ങൾ നിരീക്ഷിക്കുമെന്നും അറിയിച്ചു.

അലക്കുതൊഴിലാളികളിൽ ഭൂരിഭാഗവും പട്ടികജാതിയിൽപ്പെട്ട മണ്ണാൻ, വണ്ണാൻ സമുദായക്കാരാണ്. മുതലക്കുളം കോളനി നിവാസികളാണിവർ. പൂർവ്വീകകാലം മുതൽ അലക്ക് അവരുടെ പാരമ്പര്യത്തൊഴിലാണ്. അവരുടെ ഏക ഉപജീവനമാർഗ്ഗമാണതു്. ഇവിടെ നിന്ന് കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് ഇവിടെ വന്ന് തൊഴിൽ ചെയ്യാൻ അകലം ഒരു പ്രശ്നമാണ്. മഴയും വെയിലും കൊണ്ട് രാവിലെ മുതൽ വൈകുന്നേരം വരെ ഇവിടെ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് തണലേകാൻ ഒരു ഷെഡ്ഡെങ്കിലും നിർമ്മിച്ചുകൊടുക്കാൻ കോർപ്പറേഷൻ അധികൃതർ മനസ്സുവച്ചാൽ ചെയ്യാൻ കഴിയുന്ന കാര്യമാണ്. വസ്ത്രങ്ങൾ മാറ്റാൻ ഒരു മുറിയും ഒരു കക്കൂസും നിർമ്മിച്ചുകിട്ടിയതുതന്നെ ഏറെക്കാലത്തെ അഭ്യർത്ഥനയ്ക്കും കാത്തിരിപ്പിനും ശേഷമാണ്. വെള്ളത്തിനും വെളിച്ചത്തിനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുമില്ല. പട്ടികജാതിക്കാർക്ക് ഇത്രയൊക്കെ മതി. എവിടെയും അവർക്ക് അവഗണനയാണല്ലോ!

-------------- x--------------